പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --**6055** **10.07.2012-** ൽ മറുപടിക്ക്

## നോർക്ക മുഖേനയുള്ള ചികിത്സാ ധനസഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ)പ്രവാസികളുടെ ഏതെല്ലാം അസുഖങ്ങൾക്കുള്ള ചികിത്സയ്ക്കാണ് നോർക്ക വകുപ്പ് ധനസഹായം അനുവദിക്കുന്നത്; വിശദമാക്കുമോ; | (എ) നോർക്ക വകുപ്പിന് കീഴിൽ വകുപ്പ് മന്ത്രിയുടെ സാന്ത്വന പദ്ധതി, നോർക്ക - റൂട്ട്സ് ചെയർമാൻ ഫണ്ട്, പ്രവാസി കേരളീയ ക്ഷേമ പദ്ധതി, എന്നിവയിൻ കീഴിലാണ് ചികിത്സാ ധനസഹായം അനുവദിച്ച് വരുന്നത്. ഈ സഹായങ്ങൾ ഏതെങ്കിലും നിശ്ചിത അസുഖത്തിന് വേണ്ടി പരിമിതപ്പെടുത്തിയിട്ടില്ല. മറിച്ച് അതീവഗുരുതരമായ ഏത് അസുഖത്തിനും നിബന്ധനകൾക്കനുസരിച്ച് ധനസഹായം നൽകാൻ വ്യവസ്ഥയുണ്ട്. |
| (ബി)പ്രസ്തുത ധനസഹായത്തിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം നൽകേണ്ട രേഖകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) സാന്ത്വന /ചെയർമാൻ ഫണ്ട് പദ്ധതികൾക്കായി പൂരിപ്പിച്ച അപേക്ഷയോടൊപ്പം പാസ്പോർട്ട് പേജുകളുടെ പകർപ്പ്, റേഷൻ കാർഡ്, വരുമാന സർട്ടിഫിക്കറ്റ്, അംഗീകൃത ഡോക്ടർ സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, ചികിത്സാ രേഖകൾ, മെഡിക്കൽ ബില്ലുകൾ എന്നിവ |

ഹാജരാക്കേണ്ടതാണ്. പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിന്ന് ചികിത്സാ സഹായത്തിനായി അപേക്ഷിക്കുമ്പോൾ താഴെപ്പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.

- ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ നൽകി ചികിത്സാ സർട്ടിഫിക്കറ്റ്(ഒറിജിനൽ)
- ചികിത്സാ ചെലവ് സംബന്ധിച്ച മറ്റു രേഖകൾ(ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണം)
- വിദേശത്താണ് ചികിത്സ നടത്തിയതെങ്കിൽ , ചികിത്സ നടത്തിയ രേഖകളുടെ എംബസി സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ

സെക്ഷൻ ഓഫീസർ